പ്രസ്തുത ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽ നിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജോലിഭാരത്തിനനുസൃതമായ തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(31) രാജാരവിവർമ്മ ഫൈൻ ആർട്സ് കോളേജിന്റെ ശോചനീയാവസ്ഥ

ശ്രീ. ആർ. രാജേഷ് : സർ, ചിത്രകാരൻ രാജാരവിവർമ്മയുടെ നാമധേയത്തിലുള്ള മാവേലിക്കര ഫൈൻ ആർട്സ് കോളേജ് ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഈ വെക്കേഷൻ കഴിഞ്ഞ് ക്ലാസ്സ് തുടങ്ങുമ്പോൾ കുട്ടികൾക്ക് പഠനം നടത്താൻ കഴിയാത്ത സാഹചര്യമാണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് അടിയന്തരമായി ഈ ഫൈൻ ആട്സ് കോളേജിലെ വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിനും ചിത്രം വരയ്ക്കുന്നതിനാവശ്യമായ ലൈഫ് മോഡലുകൾ അനുവദിക്കുന്നതിനും ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുന്നതിനും കൂടാതെ ലൈഫ് മോഡലുകൾക്ക് ആവശ്യമായ പണം അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മാവേലിക്കര ഫൈൻ ആർട്സ് കോളേജിൽ ലൈഫ് മോഡലുകൾക്ക് ആവശ്യമായ ഫണ്ട് പ്രത്യേക ശീർഷകത്തിൽ അനുവദിക്കാറില്ല. 2205-00-101-94-34-OC3-01-NP എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുക സംസ്ഥാനത്തെ മൂന്ന് ഫൈൻ ആർട്സ് കോളേജുകൾക്കുമായി നൽകുകയാണ് ചെയ്യുന്നത്. ഈ തുക ഉയർത്തി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനോട് ശിപാർശ ചെയ്തിട്ടുണ്ട്. സർക്കാർ അതിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. മാവേലിക്കര ഫൈൻ ആർട്സ് കോളേജിലെ ലൈബ്രറിയുടെ സുഗമമായ നടത്തിപ്പിനായി ലൈബ്രേറിയൻ ഗ്രേഡ്-IV, ലൈബ്രറി അറ്റന്റർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly